<u>പതിനാലാം കേരള നിയമസഭ</u>

<u>ഒന്നാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 577 30.06.2016-ൽ മറുപടിക്ക്

<u>കോഴിക്കോട് ചാത്തമംഗലം എൻ.ഐ.ടി.യിലെ ശുദ്ധജലക്ഷാമം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം :** | | **ശ്രീ.മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ. | കോഴിക്കോട് ചാത്തമംഗലം എൻ.ഐ.ടി.യിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. | ജപ്പാൻ കുടിവെള്ള പദ്ധതി എൻ.ഐ.ടി.യിലേക്ക് നീട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; ഇതിനായി എത്ര പണം കെട്ടിവയ്ക്കണമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; | ബി. | അപേക്ഷ ലഭിച്ചിട്ടുണ്ട്. എന്നാൽ എൻ.ഐ.ടി. ഉൾപ്പെടുന്ന പഞ്ചായത്ത് ജൈക്ക പദ്ധതിയുടെ പരിധിയിൽ വരുന്നില്ല. അതിനാൽ ഇതിന്റെ ചിലവ് കണക്കാക്കിയിട്ടില്ല. |
| സി. | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പണം കെട്ടിവെച്ചാൽ ജപ്പാൻകുടിവെള്ള പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കുമോ? | സി. | നിലവിലെ ഡിസൈൻ പ്രകാരം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിസൈനിൽ ഉൾപ്പെടാത്തതു കാരണം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ചാത്തമംഗലം പഞ്ചായത്തിലേയ്ക്ക് ജലം ലഭ്യമാക്കുന്നതിന് സാധ്യത വളരെ കുറവാണ്. എന്നാൽ മാവൂർ ശുദ്ധീകരണ ശാല ഉൾപ്പെടുത്തി ചാത്തമംഗലം മാവൂർ പഞ്ചായത്തുകൾക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ നിന്നും എൻ.ഐ.ടി യിലേയ്ക്ക് കൂടി ജലം ലഭ്യമാക്കാനാവുമോ എന്നു പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ